# മഹാത്മാഗാന്ധിദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരള

# തിരുവനന്തപുരം ജില്ല

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക് - **പാറശാല**

ഗ്രാമപഞ്ചായത്ത്- **കാരോട്**

വാർഡ് - **ചെങ്കവിള**

തീയതി - **30/11/2019**

സമയം - **3:00 pm**

സ്ഥലം - **ചെങ്കവിള VEO ഓഫീസ്**

# ആമുഖം

**ഇ**ന്ത്യയിലെ ദരിദ്രരായ ഗ്രാമീണജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിതം സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനു വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത് പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണജനത ബുദ്ധിമുട്ടുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിൽ എങ്കിലും ഉറപ്പുവരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴിൽ നൽകുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ തൊഴിൽ ലഭിക്കുന്നു എന്നും അതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള വേതനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് ഇന്ത്യൻ പാർലമെന്റ് പാസാക്കിയ നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. 2005 ഓഗസ്റ്റ് 23 ആം തീയതി യാണ് പാർലമെന്റ്റ് ഈ നിയമം പാസാക്കുന്നത്.

തൊഴിലും വേതനവും നിർദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം പരമാവധി ഉറപ്പുവരുത്തുന്നു എന്നാണ് ഈ നിയമത്തിലെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം തൊഴിൽ എടുത്തശേഷം വേതനം വൈകുകയോ ലഭിക്കാതിരിക്കുകയും ചെയ്താൽ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു..

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയിരിക്കണം എന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ അവർക്ക് തൊഴിലില്ലായ്മ വേതനം അർഹതയുണ്ടായിരിക്കും. അതുപോലെ ചെയ്ത തൊഴിൽ വേതനം 14 ദിവസത്തിൽ കൂടുതൽ വൈകിയാൽ വൈകുന്ന ഓരോ ദിവസവും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. തൊഴിൽ ആവശ്യപ്പെടുന്ന വർക്ക് തൊഴിലോ തൊഴിലില്ലായ്മ വേതനം ഉറപ്പായും ഉറപ്പു വരുത്തണം എന്നാണ് തൊഴിലുറപ്പ് നിയമത്തിന്റെ പ്രത്യേകത.

ഇന്ത്യയിലെ ഏറ്റവും പിന്നോക്കം ആയ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി 2 തീയതി ഈ നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തിൽ വയനാടും പാലക്കാടും ഈ 200 ജില്ലകളിൽ ഉൾപ്പെട്ടിരിക്കുന്നു. 2007 മെയ് 15ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി കാസർഗോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു. 2008 ഏപ്രിൽ ഒന്നിന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ന് ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്. ആഗോളതലത്തിൽ സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു അവകാശ അധിഷ്ഠിത തൊഴിൽ നിയമം എന്ന നിലയിലും ഗ്രാമീണമേഖലയിൽ ദാരിദ്ര ലഘൂകരണ ത്തിൽ നിർണായകമായ വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത് പദ്ധതി എന്ന കാര്യം പരിഗണിച്ചു 2009 ഒക്ടോബർ രണ്ടാം തീയതി കേന്ദ്രസർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന് പുനർനാമകരണം ചെയ്തു.

## തിരുവനന്തപുരം ജില്ല

കേരളത്തിന്റെ തെക്കേ അറ്റത്തുള്ളതും സംസ്ഥാനത്തിന്റെ തലസ്ഥാന നഗരം ഉൾക്കൊള്ളുന്നതുമായജില്ല. ഭാരതത്തിന്റെ തെക്കേ അറ്റമായ കന്യാകുമാരി തിരുവനന്തപുരം ജില്ലയുടെ അതിരായ പാറശാലയിൽ നിന്നും 56 കിലോമീറ്റർ അകലെയായി സ്ഥിതി ചെയ്യുന്നു

## പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

തമിഴ്നാടിന്റെ അതിർത്തിയും കേരളത്തിന്റെ തെക്കേ അറ്റവുമായ ബ്ലോക്ക് പഞ്ചായത്താണ് പാറശാല ബ്ലോക്ക് പഞ്ചായത്ത്. തമിഴ്, മലയാളം എന്നീ ഭാഷകളുടെ സംഗമ സ്ഥാനം കൂടി ആയതിനാൽ ജനങ്ങൾക്ക് കലയോടും സംസ്കാരത്തോടും നല്ല മതിപ്പുണ്ട്. പരമ്പരാഗത കുടിൽ വ്യവസായമായ കരിപ്പട്ടി നിർമാണത്തിൽ തുടങ്ങി ആധുനിക വ്യവസായ സംരംഭങ്ങൾ വരെ ഇവരുടെ ജീവിതത്തെ സ്വാധീനിക്കുന്നുണ്ട്. ഭൂരിഭാഗം ആളുകളും ദ്വിഭാഷികളാണ്.

പാറശ്ശാല ബ്ലോക്ക് പരിധിയിൽ ചെങ്കൽ, കാരോട്, കുളത്തൂർ, പൂവാർ, തിരുപുറം, പാറശ്ശാല എന്നിങ്ങനെ ആറ് പഞ്ചായത്തുകളാണ് ഉള്ളത്.

## കാരോട് പഞ്ചായത്ത്




**കേ**രളത്തിന്റെ തെക്കേ അറ്റത്തെ കുളത്തൂർ, ചെങ്കൽ,പാറശാല, എന്നീ പഞ്ചായത്തുകൾക്ക് പുറമെ തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന ഒര് ഗ്രാമപഞ്ചായത്ത് കൂടിയാണ് കാരോട് ഗ്രാമപഞ്ചായത്ത്. പഴയതിരുവിതാകൂറിന്റ ഭാഗമായിരുന്ന എന്നാൽ ഇന്ന് തമിഴ്നാടിന്റെ ഭാഗമായ കന്യാകുമാരി ജില്ലയിലെ കൊല്ലംകോട് ടൌൺ പഞ്ചായത്തുമായാണ് അതിർത്തി പങ്കിടുന്നത്.

ഭാഷക്കും ജാതിക്കും മതത്തിനും അധീതമായി മത സൗഹാർദ്ദവും അതിലുപരി മാനവ സൗഹാർദ്ദവും നിലനിൽക്കുന്ന നാനാജാതി മതസ്ഥർ തിങ്ങിപാർക്കുന്ന ഒര് പ്രദേശമാണ്.പലമതസ്ഥരുടെ ആരാധനാലയങ്ങൾ ഇവിടെ ഇടതൂർന്ന് കണമെന്നത് പോലെ തന്നെ യാണ് അവരുടെ വീടുകളും.ഹിന്ദുവും,

ക്രിസ്ത്യാനിയും,മുസ്ലിമും,സഹോദരങ്ങളായി ജീവിക്കുന്ന ഒര് പ്രദേശമാണ് കാരോട് വർഗ്ഗിയമായ ഒര് സംഘർഷവും ഇവിടെ ഇതുവരെ റിപോർട്ട് ചെയ്തിട്ടില്ല എന്നതാണ് പ്രതേകത

കാരോട് പഞ്ചായത്തിലെ നഗരപ്രധാനമായ സ്ഥലങ്ങൾ പഴയഉച്ചക്കട, പ്ലാമൂട്ടുക്കട,

പൊൻവിള, ചെങ്കവിള, ഊരമ്പ്, പൊഴിയൂർ എന്നിവിടങ്ങളാണ്

കാരോട് ഗ്രാമപഞ്ചായത്ത് കേരളത്തിന്റെ ഏറ്റവും തെക്കേയറ്റത്താണ് സ്ഥിതി ചെയ്യുന്നത്. 923 -ന്നാം വർഷതിൽ പാർത്ഥിവപുരം ശിലാ ലിഖിതത്തിൽ കിരാത്തൂർ , പൊഴിയൂർ , കുളത്തൂർ എന്നീ സ്ഥലങ്ങളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. കാരോട് അടുത്തകാലം വരെ കുളത്തൂർ വില്ലേജിന്റെ ഭാഗമായിരുന്നു. അന്ന് കുളത്തൂരും, കാരോടും ഒരു ഗ്രാമപ്രദേശമായിട്ടാണ് കണക്കാക്കപ്പെട്ടിരുന്നത് .

**അടിസ്ഥാന വിവരങ്ങൾ**

ബ്ലോക്ക് - പാറശ്ശാല

താലൂക്ക് - നെയ്യാറ്റിൻകര

വാർഡുകളുടെ എണ്ണം - 19

നിയമസഭാമണ്ഡലം= നെയ്യാറ്റിൻകര

ലോകസഭാമണ്ഡലം=തിരുവനന്തപുരം

അക്ഷാംശം = 8.21

രേഖാംശം = 77.3

ജില്ല = തിരുവനന്തപുരം

ഭരണസ്ഥാനങ്ങൾ = പഞ്ചായത്ത്

വിസ്തീർണ്ണം = 15.67

ജനസംഖ്യ = 27490

ജനസാന്ദ്രത = 1659

**അതിരുകൾ**

കിഴക്ക് - കന്യാകുമാരി ഡിസ്ട്രിക്ട്

പടിഞ്ഞാറ് - കുളത്തൂർ പഞ്ചായത്ത്

തെക്ക് ചെങ്കൽ പഞ്ചായത്ത്

വടക്ക് - പാറശ്ശാല പഞ്ചായത്ത്

**ചെങ്കവിള**

ചാനലുകളും തോടുകളും നീർച്ചാലുകളും കൊണ്ട് സമ്പൽ സമൃദ്ധമാണ് ചെങ്കവിള വാർഡ് .കൃഷി പ്രാഥമിക തൊഴിലായി സ്വീകരിച്ച ജനങ്ങൾആണ് എവിടെ ഏറെയും . കുളങ്ങൾ വാർഡിന്റെ മനോഹാരിത വർദ്ധിപ്പിക്കുന്നു

# രീതിശാസ്ത്രം

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുമായി ബന്ധപ്പെട്ട് , പാറശ്ശാല ബ്ലോക്ക് റിസോഴ്‌സ് പേഴ്സനിന്റെ സഹായത്തോടെ വില്ലേജ് റിസോഴ്‌സ് പെഴേസൻസ് ആണ് തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിൽ പാറശ്ശാല ഗ്രാമ പഞ്ചായത്ത് വാർഡ് 2 ൽ (നെടിയാംകോഡ് ) സോഷ്യൽ ഓഡിറ്റ് പ്രക്രിയ നടത്തിയത്.

ആദ്യഘട്ടം:
പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് , വാർഡ് മെമ്പർ, എൻ ആർ ഇ ജി എസ് സ്റ്റാഫ് എന്നിവരുമായി പാറശ്ശാല ബ്ലോക്ക് റിസോഴ്‌സ് പേഴ്‌സൺ വാർഡ് 2 ൽ നടത്തേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ച.

രണ്ടാം ഘട്ടം:
2018 ഒക്ടോബർ മാസംഒന്നാം തിയതി മുതൽ 2019 മാർച്ച് മാസം വരെ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ, എം ഐ എസ് എന്നിവ പരിശോധിക്കൽ.

മൂന്നാം ഘട്ടം:
പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയിടങ്ങൾ പരിശോധിക്കൽ, ചെയ്ത പ്രവൃത്തികളുടെ അളവുകൾ പരിശോധിക്കൽ

നാലാം ഘട്ടം:
ഗുണഭോക്താക്കളോട് പ്രവൃത്തികളുടെ ഗുണഫലങ്ങൾ ചോദിച്ചറിയുകയും, സജീവ തൊഴിലാളികളെകണ്ട് തൊഴിൽകാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ച് അഭിമുഖം നടത്തലും വിവരശേഖരണം നടത്തലും
.

അഞ്ചാം ഘട്ടം:
ഫീൽഡ് പരിശോധനയുടെയും ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെയെന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ സോഷ്യൽ ഓഡിറ്റ്.

# സോഷ്യൽ ഓഡിറ്റ്

മറ്റു പദ്ധതിയിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തമാക്കുന്നത് സോഷ്യൽ ഓഡിറ്റ് ആണ്. തൊഴിലുറപ്പ് നിയമം 17( 2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ നടത്തണമെന്നും സുതാര്യത ഉറപ്പു വരുത്തണമെന്നും അനുശാസിക്കുന്നു. സോഷ്യൽ ഓഡിറ്റിനു വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുക, രജിസ്റ്ററുകളും റെക്കോർഡുകളും ലഭ്യമാക്കുക, എന്നിവ ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ ആണ്.

ഗ്രാമസഭകൾ ആണ് സോഷ്യൽ ഓഡിറ്റ് വേദികൾ ഗ്രാമസഭ ആറുമാസത്തിലൊരിക്കൽ നിർബന്ധമായും സോഷ്യൽ ഓഡിറ്റ് നടത്തിയിരിക്കണം. സംസ്ഥാന സർക്കാർ സോഷ്യൽ ഓഡിറ്റ് നടത്തേണ്ട രീതിയെ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ വിജയം ജനങ്ങളുടെ പങ്കാളിത്തമാണ്. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ തീയതി,അജണ്ട, വേദി എന്നിവ നിശ്ചയിച്ച 7 ദിവസം മുൻപ് ജനങ്ങൾക്ക് വിവരം നൽകിയിരിക്കണം. പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം മോണിറ്ററിംഗ്, തുടങ്ങി ചുമതലകൾ ഉള്ള എല്ലാ വ്യക്തികളും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സുഗമമായും സുതാര്യമായും സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ്( as per GO (Rt) No.3906/2015/LSGD,Dated 30.12.2015) 31.1.2017 നിലവിൽവന്നു. യൂണിറ്റ് ട്രാവൻകൂർ ചാരിറ്റബിൾ സൊസൈറ്റി നിയമം 1955 (No.TVM/TC/123/2017)പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ് .

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്**

1.തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷകരുടെ രജിസ്റ്റർ

2. ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ

3. തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ

4. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ

5. സ്ഥിതി ആസ്തികളുടെ രജിസ്റ്റർ

6. സാധന രജിസ്റ്റർ

7 ഗ്രാമസഭ രജിസ്റ്റർ

## 7 രജിസ്റ്റർ പരിശോധനാ വിശദാംശങ്ങൾ

**.▪ജോബ് കാർഡ് രജിസ്റ്റർ**

*169 തൊഴിലാളികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നതിൽ 1 തൊഴിലാളിയുടെ ഫോട്ടോ പതിച്ചിട്ടില്ല. 1 തൊഴിലാളിയുടെ ഫോട്ടോ, മറ്റു വിശദംശങ്ങൾ എന്നിവയുടെ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല.

**▪ഡിമാൻഡ് രജിസ്റ്റർ, പേയ്മെന്റ് ഓഫ് അലോക്കേഷൻ ഓഫ് വർക്ക്**

*ഓരോ തൊഴിലാളികളുടെയും പേര്, തൊഴിൽ കാർഡ് നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, എന്നിവ ഉണ്ടായിരുന്നു.

**▪വർക്ക് രജിസ്റ്റർ**

*354 പ്രവർത്തികളുടെ വിശദ വിവരങ്ങൾ നൽകിയിരുന്നു,

* പ്രവർത്തികൾക്കായി ചിലവായ വിദഗ്ധ അവിദഗ്ധ തൊഴിലാളികളുടെ വേതനവും മെറ്റീരിയലിനു ചെലവായ തുകയും രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു.

*2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിലെ രേഖപ്പെടുത്തലുകളും തുടർന്നുള്ള രേഖപ്പെടുത്തലുകളും ഉണ്ടായിരുന്നു.

**▪ഫിക്സഡ് അസറ്റ് രജിസ്റ്റർ**

*31/3/2018 വരെ പൂർത്തീകരിച്ച പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു

**▪പരാതി രജിസ്റ്റർ**

മൂന്ന് പരാതികളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് 4 /11 /2019-ൽ 3 പരാതികളും പരിഹരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട് തുടർന്ന് പരാതികൾ രജിസ്റ്റർ ചെയ്തിട്ടുള്ളതായി കാണുന്നില്ല

**▪മെറ്റീരിയൽ രജിസ്റ്റർ**

*2018-2019 സാമ്പത്തിക വർഷത്തെ പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു.

*61 പ്രവർത്തികളിലായി 1022723.142 രൂപ ചിലവായതായി രേഖപ്പെടുത്തിയിരിക്കുന്നു.

**▪ഗ്രാമസഭ രജിസ്റ്റർ**

* 20/1/2001 മുതലുള്ള ഗ്രാമസഭാ മിനിറ്റ്സുകൾ രേഖപ്പെടുത്തിയിരിക്കുന്നു.

**കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം ഒരു വർക്ക് ഫയലിൽ താഴെ പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്**

1) കവർ പേജ്
2) ചെക്ക് ലിസ്റ്റ്
3) ആക്ഷൻ പ്ലാൻ /ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി
4) സാങ്കേതികഎസ്റ്റിമേറ്റുംഡിസൈനും അടങ്ങുന്ന സാങ്കേതികഅനുമതിയുടെകോപ്പി
5) ഭരണാനുമതിയുടെ കോപ്പി
6) സങ്കേതികാനുമതിയുടെ കോപ്പി
7) സംയോജിത പദ്ധതി വിശദാംശങ്ങൾ
8) തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ
9) തൊഴിൽ അനുവദിച്ചുകൊണ്ടുള്ള രേഖയുടെ കോപ്പി
10) പൂരിപ്പിച്ച മാസ്റ്ററോൾ കോപ്പി
11) മെഷർമെൻറ് ബുക്കിന്റെ കോപ്പി
12) സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വാട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരിറ്റീവ് സ്റ്റേറ്റ്മെൻറന്റിയും മെറ്റീരിയൽ സപ്ലൈ ഓർഡർന്റെയും കോപ്പി
13) വേജ് ലിസ്റ്റ്
14) വേതനത്തിന്റെയും സാധനങ്ങൾക്ക് പണമടച്ചതിന്റെയും FTO യുടെയും കോപ്പി
15) മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെയും കോപ്പി
16) റോയലിറ്റി അടച്ചതിന്റെ രസീതിന്റെ കോപ്പി
17) തൊഴിലിന്റെ മൂന്ന് ഘട്ടങ്ങളിലുള്ള ഫോട്ടോകൾ
18) പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ കോപ്പി
19) മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്
20) ആസ്തിയുടെ ജിയോ ടാഗ്ഡ് ഫോട്ടോകൾ
21) സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി
22) സൈറ്റ് ഡയറി

# ഓഡിറ്റിനു വിധേയമാക്കിയ പ്രവർത്തികൾ

| നമ്പർ | പ്രവർത്തിയുടെ പേര് | വർക്ക്കോഡ് | ആരംഭിച്ച തീയതി | അവസാനിച്ച തീയതി | ചിലവായ തുക |
|---|---|---|---|---|---|
| 1. | ഊട്ടുപുരക്കൽ മുതൽ വലിയതോട് വരെ നീർച്ചാൽ പുനരുദ്ധാരണം | Wc-312055 | 25/10/18 | 15/11/18 | 130419 |
| 2. | ഇലി പുരയ്ക്കൽ മുതൽ ചെറു വിളാകം വരെ നീർച്ചാൽ പുനരുദ്ധാരണം | Wc-312054 | 6/9/18 | 26/9/18 | 68564 |
| 3. | വാഴങ്ങൽ മുതൽ ശാസ്താം കോവിൽ നട നീർച്ചാൽ പുനരുദ്ധാരണം | Wc-312056 | 6/9/18 | 25/9/18 | 9992 |
| 4. | പിറയം കോട്ടുവിള ചാനൽ പുനരുദ്ധാരണം | Wc218044 | 23/1/19 | 12/2/19 | 115478 |
| 5. | ഫാം പോണ്ട് | Wc354099 | 25/10/18 | 7/11/18 | 70114 |
| 6. | പുല്ലുവിള നീർച്ചാൽ പുനരുദ്ധാരണം | Wc-312040 | 6/9/18 | 1/10/18 | 57308 |
| 7. | പുല്ലുവിള ചെറിയ തോട് പുനരുദ്ധാരണം | Wc-312060 | 6/9/18 | 25/9/18 | 74250 |
| 8. | പുലിക്കണ്ടം നീർച്ചാൽ പുനരുദ്ധാരണം | Wc-312050 | 6/9/18 | 1/10/18 | 30555 |
| 9. | മുറിയത്തോട്ടം നീർച്ചാൽ പുനരുദ്ധാരണം | Wc-312041 | 6/9/18 | 8/10/18 | 50685 |
| 10. | ചെങ്കവിള വലിയ ചാനൽ | Wc-218045 | 23/1/19 | 12/2/19 | 175678 |
| 11. | പറമ്പുവിള നീർച്ചാൽ പുനരുദ്ധാരണം | Wc-312052 | 6/9/18 | 1/10/18 | 22787 |
| 12. | മണ്ണ് ജലസംരക്ഷണം | Wc-321645 | 1/12/18 | 6/3/19 | 435467 |
| 13. | മണ്ണ് ജലസംരക്ഷണം | Wc-341804 | 7/3/18 | Ongoing | |

| | | | | | |
|---|---|---|---|---|---|
| 14. | മണ്ണ് ജലസംരക്ഷണം | Wc-321648 | 8/2/19 | 5/2/19 | 431696 |
| 15. | മണ്ണ് ജലസംരക്ഷണം | Wc-341806 | 6/3/19 | 13/6/19 | 232090 |

# പ്രവർത്തിയുടെ വിശദാംശങ്ങളിലേക്ക്

| നമ്പർ | പ്രവർത്തിയുടെ പേര് | വർക്ക് കോഡ് | ഗുണഭോക്താവിന്റെ പേര് |
|---|---|---|---|
| 1. | കക്കൂസ് നിർമ്മാണം | Wc-344601 | ഗിരിജ |
| 2. | കിണർ നിർമ്മാണം | Wc-331961 | ഷീജ |
| 3. | കിണർ നിർമ്മാണം | Wc-383492 | ശ്രീകല |

## കിണർ നിർമാണം

**ഫയൽ**

* നിയമപ്രകാരം ഫയലിൽ ഉൾക്കൊള്ളിക്കേണ്ട രേഖകളിൽ വേജ് ലിസ്റ്റ് ഒഴികെ ഉള്ളവ ഉണ്ടായിരുന്നു,

* എ എം സി പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു, അപൂർണ്ണം ആയിരുന്നു

* ചെക്ക് ലിസ്റ്റിൽ പേജ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല .

* അവിദഗ്ധ, അർദ്ധ വിദഗ്ധ മസ്റ്റർ റോളുകൾ ഉണ്ടായിരുന്നു, വിദഗ്ധ, അർത്ഥ വിദഗ്ധ തൊഴിലാളികളുടെ ആധാർ ഉണ്ട്. തൊഴിലാളിയുടെ കരംതീർത്ത രസീത്, പാസ്സ് ബുക്ക് പകർപ്പ് എന്നിവ ഫയലിൽ ഉൾക്കൊള്ളിച്ചിരുന്നു.

* പ്രവർത്തിയുടെ 3ഘട്ടങ്ങളുടെ ഫോട്ടോ ഉണ്ടായിരുന്നു

* സാങ്കേതിക അനുമതി, ഭരണാനുമതി എന്നിവ ഉണ്ടായിരുന്നു.

* ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടെങ്കിലും തീയതി രേഖപ്പെടുത്തിയിട്ടില്ല

* പ്രവർത്തി പൂർത്തീകരിച്ച സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നു.

**ഫീൽഡ്**

* കിണർ നിർമ്മാണത്തിന് 17 ദിവസം വരെയുള്ള മസ്റ്റർറോളുകൾ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ട്.

* നിർമാണം പൂർത്തിയായ കിണറുകൾ  കാണാൻ സാധിച്ചു, എം ബുക്ക് പ്രകാരമുള്ള അളവുകളിൽ തന്നെയാണ് ആണ് നിർമ്മാണം നടത്തിയിട്ടുള്ളത്

• കിണർ Wc-331961ൽ എം ബുക്ക് പ്രകാരം 34.54 മീറ്റർ ആണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നാൽ ഫീൽഡ് തല പരിശോധനയിൽ 20 മീറ്റർ മാത്രമേ കാണാൻ സാധിച്ചുള്ളൂ.

• കിണർ Wc-383492 ൽ എം ബുക്ക് പ്രകാരം 16 മീറ്റർ ആണ് രേഖപ്പെടുത്തിയിരിക്കുന്നത് ഫീൽഡ് തല പരിശോധനയിൽ പ്രസ്തുത അളവിൽ തന്നെ പ്രവർത്തി നടപ്പിലാക്കിയത് ആയി കാണാൻ സാധിച്ചു

* സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു.

* മസ്റ്റർറോൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ഗുണഭോക്താക്കൾ പറഞ്ഞു.

## കക്കൂസ് നിർമ്മാണം

### ഫയൽ

* ഫയലിൽ ഉൾക്കൊള്ളേണ്ട തായ രേഖകളിൽ വേജ്  ലിസ്റ്റ് ഒഴികെയുള്ളവ ഉണ്ടായിരുന്നു

* തൊഴിലാളികളുടെ ആധാർ, കരം തീർത്ത രസീത് പകർപ്പ്, പാസ്ബുക്ക് പകർപ്പ് എന്നിവ ഫയലിൽ ഉണ്ടായിരുന്നു, വിദഗ്ധ അർത്ഥ വിദഗ്ധ തൊഴിലാളികളുടെ വിവരങ്ങൾ  ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

* 4 ദിവസം വരെയുള്ള മസ്റ്റ്റോളുകൾ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ട്.

### ഫീൽഡ്

* നിർമ്മാണം  പൂർത്തിയായവ കാണാൻ കഴിഞ്ഞത്, ഗുണഭോക്താവിന് ഉപയോഗപ്രദമായ രീതിയിൽ  നിർമാണം നടത്തിയിട്ടുള്ളത്.

* സി ഐ ബി ഉണ്ടായിരുന്നു

### ഊട്ടുപുരക്കൽ മുതൽ വലിയതോട് വരെ നീർച്ചാൽ പുനരുദ്ധാരണം Wc-312055




**ഫയൽ**

*എ എം സി പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു. എന്നാൽ രേഖപ്പെടുത്തലുകൾ പൂർണമല്ല

*ഭരണാനുമതി, സാങ്കേതികാനുമതി തുടങ്ങിയ രേഖകൾ ഉണ്ടായിരുന്നു.

*ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു പേജ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല

*സൈറ്റ് ഡയറിയിൽ തൊഴിൽ ഉപകരണങ്ങളുടെ വാടക, വി എം സി റിപ്പോർട്ട്, സന്ദർശന കുറിപ്പ് എന്നിവ ഉണ്ടായിരുന്നു.

*പ്രവൃത്തിയുമായി ബന്ധപ്പെട്ട വേജ് ലിസ്റ്റ് ഉണ്ടായിരുന്നില്ല ,എഫ് ടി ഒ  ഫയൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്

*പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉണ്ടായിരുന്നു എന്നാൽ  രേഖപ്പെടുത്തലുകൾ പൂർണമായിരുന്നില്ല .

**ഫീൽഡ്**

*എം ബുക്ക് പ്രകാരം  350 മീറ്റർ ആണ് രേഖപ്പെടുത്തിയിരിക്കുന്നത് ഫീൽഡ് തല പരിശോധനയിൽ രേഖപ്പെടുത്തിയിട്ടുള്ള അളവിൽ തന്നെ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളത് ആയി മനസ്സിലാക്കാൻ സാധിച്ചു

*നിലവിൽ ഭൂരിഭാഗം പ്രദേശങ്ങളും കാട് കയറിയ  നിലയിലാണ് കണ്ടത്

*പ്രവൃത്തിയുമായി ബന്ധപ്പെട്ട സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു..

## ഇലിപുരക്കൽ മുതൽ ചെറുവിളാകം വരെ നീർച്ചാൽ പുനരുദ്ധാരണം WC- 312054




### ഫയൽ

* എ എം സി പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു എന്നാൽ അപൂർണ്ണമായിരുന്നു.

* ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ പേജ് നമ്പർ രേഖപ്പെടുത്തിയിരുന്നില്ല.

* ഭരണാനുമതി, സാങ്കേതിക അനുമതി  എന്നിവ ഉണ്ടായിരുന്നു

*പ്രവർത്തി സ്ഥലത്തിൻറെ രേഖാചിത്രം ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

* പ്രവർത്തിയുടെ വിവിധഘട്ടങ്ങളിൽ ഉള്ള ഫോട്ടോ ഉൾപ്പെടുത്തിയിട്ടുണ്ട്.

* സൈറ്റ്ഡയറിയിൽ പണിയായുധങ്ങളുടെ വാടക, തൊഴിലാളികളുടെ സാക്ഷ്യപത്രം എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു.

### ഫീൽഡ്

*എം ബുക്ക് പ്രകാരം 1020 മീറ്റർ ,ഫീൽഡ് തല പരിശോധനയിൽ രേഖപ്പെടുത്തിയിട്ടുള്ള അളവിൽ തന്നെ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളത് ആയി മനസ്സിലാക്കാൻ സാധിച്ചു

* പ്രവർത്തി ചെയ്ത സ്ഥലം ഭാഗികമായി കാട് കയറിയ നിലയിൽ ആണ്

*പ്രവൃത്തിയുമായി ബന്ധപ്പെട്ട സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു..

**വാഴങ്ങൽ മുതൽ ശാസ്താം കോവിൽ നട വരെ നീർച്ചാൽ പുനരുദ്ധാരണം WC- 312056**



**ഫയൽ**

* എ എം സി പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു എന്നാൽ പൂർണമായ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല

* ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല

* പ്രവർത്തി പൂർത്തീകരണം സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നു

* സാങ്കേതിക അനുമതി ഭരണാനുമതി എന്നിവ സാക്ഷ്യപ്പെടുത്തലോടുകൂടി ഉണ്ടായിരുന്നു

* സൈറ്റ് ഡയറിയിൽ ചെക്ക്ലിസ്റ്റ്, പ്രോജക്ട് മീറ്റിംഗ്, തൊഴിൽ ഉപകരണങ്ങളുടെ വാടക, സാക്ഷ്യപത്രം എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു.

**ഫീൽഡ്**

*എം ബുക്ക് പ്രകാരം 830 മീറ്റർ ,ഫീൽഡ് തല പരിശോധനയിൽ രേഖപ്പെടുത്തിയിട്ടുള്ള അളവിൽ തന്നെ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളത് ആയി മനസ്സിലാക്കാൻ സാധിച്ചു

*നിലവിൽ ഭൂരിഭാഗം പ്രദേശങ്ങളും കാട് കയറിയ നിലയിലാണ് കണ്ടത്.അയതിനാൽ പ്രവർത്തി നല്ലരീതിയിൽ വിലയിരുത്താൻ സാധിച്ചില്ല

* സിഐ ബി ഉണ്ടായിരുന്നു

### പിറയംകൊട്ടുവിള ചാനൽ പുനരുദ്ധാരണം WC- 218044



**ഫയൽ**

* എ എം സി പ്രകാരം ഉള്ള കവർ പേജ് ഉണ്ടായിരുന്നു എന്നാൽ പൂർണമായ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല

* ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ നമ്പർ രേഖപ്പെടുത്തിയിരുന്നില്ല

* ആക്ഷൻ പ്ലാൻ ഫയലിൽ ഉൾപ്പെടുത്തിയിരുന്നില്ല

* ഭരണാനുമതി സാങ്കേതികാനുമതി എന്നിവ ഫയലിൽ  ഉൾപ്പെടുത്തിയിരുന്നു

*വേജ് ലിസ്റ്റിന് പകരം എഫ് ടി ഒ ആണ് സൂക്ഷിച്ചിരുന്നത്.

* സൈറ്റ് ഡയറിയിൽ ചെക്ക്‌ലിസ്റ്റ് പ്രോജക്ട് മീറ്റിംഗ് തൊഴിൽ ഉപകരണങ്ങളുടെ വാടക എന്നിവ ഉണ്ടായിരുന്നു. എന്നാൽ തൊഴിലാളികളുടെ സാക്ഷ്യപത്രം ചികിത്സാ ചിലവ് എന്നിവയെക്കുറിച്ച് പരാമർശിച്ചിട്ടില്ല

**ഫീൽഡ്**

*എം ബുക്ക് പ്രകാരം 830 മീറ്റർ  ,ഫീൽഡ് തല പരിശോധനയിൽ രേഖപ്പെടുത്തിയിട്ടുള്ള അളവിൽ തന്നെ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളത് ആയി മനസ്സിലാക്കാൻ സാധിച്ചു

*നിലവിൽ ഭൂരിഭാഗം പ്രദേശങ്ങളും കാട് കയറിയ  നിലയിലാണ് കണ്ടത്

* സിഐ ബി   തറയിൽ വീണു കിടക്കുന്ന അവസ്ഥയിലാണ് കാണാൻ കഴിഞ്ഞത്.

**ഫാം പോണ്ട് WC- 354099**



**ഫയൽ**

* കവർ പേജ് ഉണ്ടായിരുന്നു എന്നാൽ പൂർണമായ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല

* ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ നമ്പർ രേഖപ്പെടുത്തിയിരുന്നില്ല

* സാങ്കേതിക അനുമതി നൽകുക ഭരണാനുമതി എന്നിവ സാക്ഷ്യപ്പെടുത്തലോടുകൂടി ഉണ്ടായിരുന്നു

* എസ്റ്റിമേറ്റ് ഉണ്ടായിരുന്നു എന്നാൽ ജനകീയ ഭാഷയിൽ അല്ലായിരുന്നു

* സൈറ്റ് ഡയറിയിൽ പ്രോജക്ട് മീറ്റിംഗ്, ചെക്ക്ലിസ്റ്റ്, തൊഴിൽ ഉപകരണങ്ങളുടെ വാടക, സാക്ഷ്യപത്രം, വിജിലൻസ് റിപ്പോർട്ട്, സന്ദർശക കുറുപ്പ് എന്നിവയുണ്ട്. എന്നാൽ ചികിത്സാ ചിലവിനെ കുറിച്ച് ഒന്നും രേഖപ്പെടുത്തിയിരുന്നില്ല

**ഫീൽഡ്**

*എം ബുക്ക് പ്രകാരം 5 മീറ്റർ നീളം 5 മീറ്റർ വീതി 3 മീറ്റർ ആഴം എന്നിവയാണ് രേഖപ്പെടുത്തിയിരിക്കുന്നത് ,ഫീൽഡ് തല പരിശോധനയിൽ പ്രസ്തുത അളവിൽ തന്നെ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളത് ആയി മനസ്സിലാക്കാൻ സാധിച്ചു

* പ്രവർത്തി പ്രയോജനകരമാകും വിധമാണ് സംരക്ഷിക്കപ്പെടുന്നത്.

* പ്രവർത്തി ചെയ്ത സ്ഥലത്ത് മത്സ്യകൃഷി ചെയ്യുന്നതായി അറിയുവാൻ സാധിച്ചു

* പ്രസ്തുത പ്രവർത്തിയുടെ സിഐ ബി ബോർഡ് ഉണ്ടായിരുന്നു. എന്നാൽ അക്ഷരങ്ങൾ മാഞ്ഞുപോയ നിലയിലായിരുന്നു കാണുവാൻ കഴിഞ്ഞത് .

**പുല്ലുവിള നീർച്ചാൽ പുനരുദ്ധാരണം  Wc- 312040**




**ഫയൽ**

* എം സി പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു എന്നാൽ പൂർണമായ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല

* സാങ്കേതിക അനുമതി രേഖ ഭരണാനുമതി എന്നിവ ഉണ്ടായിരുന്നു

* എസ്റ്റിമേറ്റ് ഉണ്ടായിരുന്നു എന്നാൽ ജനകീയ ഭാഷയിൽ ആയിരുന്നില്ല

*പ്രവർത്തി സ്ഥലത്തിൻറെ രേഖാചിത്രം ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

* പ്രവർത്തിയുടെ വിവിധഘട്ടങ്ങളിൽ ഉള്ള ഫോട്ടോ ഉൾപ്പെടുത്തിയിട്ടുണ്ട്

* ഡിമാൻഡ് ഫോമിൽ ആകെ 18 പേരാണ് അപേക്ഷ നൽകിയിട്ടുള്ളത്

* സൈറ്റ് ഡയറിയിൽ പ്രൊജക്റ്റ് മീറ്റിംഗ് ചെക്ക്ലിസ്റ് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു എന്നാൽ ചികിത്സ ചിലവിനെപറ്റി ഒന്നും പരാമർശിച്ചിട്ടില്ല

**ഫീൽഡ്**

*എം ബുക്ക് 1015 മീറ്റർ ഫീൽഡ് തല പരിശോധനയിൽ രേഖപ്പെടുത്തിയിട്ടുള്ള അളവിൽ തന്നെ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളത് ആയി മനസ്സിലാക്കാൻ സാധിച്ചു

* സി ഐ ബി താഴെവീണ നിലയിലാണ് കാണാൻ കഴിഞ്ഞത്.

* പ്രവർത്തി ചെയ്ത ചില ഭാഗങ്ങൾ കാടുകയറിയ നിലയിലായിരുന്നു.

**പുല്ലുവിള ചെറിയ തോട് പുനരുദ്ധാരണം WC- 312060**




**ഫയൽ**

* കവർ പേജ് ഉണ്ടായിരുന്നു എന്നാൽ പൂർണമായ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല

* ഭരണാനുമതി സാങ്കേതികാനുമതി രേഖ എന്നിവ ഉണ്ടായിരുന്നു

*പ്രവർത്തി സ്ഥലത്തിൻറെ രേഖാചിത്രം ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

* ഡിമാൻഡ് ഫോമിൽ ആകെ 21 പേർ അപേക്ഷിച്ചിട്ടുണ്ട്

* സൈറ്റ് ഡയറി ചികിത്സാചെലവ് തൊഴിൽ ഉപകരണങ്ങളുടെ വാടക സാക്ഷ്യപത്രം വിജിലൻസ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഉണ്ടായിരുന്നു

**ഫീൽഡ്**

* എം ബുക്ക് പ്രകാരം 390 മീറ്റർ ഫീൽഡ് തല പരിശോധനയിൽ രേഖപ്പെടുത്തിയിട്ടുള്ള അളവിൽ തന്നെ പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളത് ആയി മനസ്സിലാക്കാൻ സാധിച്ചു

* പ്രവർത്തി ചെയ്ത ചിലഭാഗങ്ങൾ കാടുകയറിയ നിലയിലായിരുന്നു

* സിറ്റിസൺ ഇൻഫോർമേഷൻ ബോർഡ് ഉണ്ടായിരുന്നു

**പുലികണ്ടം നീർച്ചാൽ പുനരുദ്ധാരണം WC- 312050**




**ഫയൽ**

• നിയമപ്രകാരം ഫയലിൽ ഉൾക്കൊള്ളേണ്ടതായ രേഖകളിൽ  വേജ്ലിസ്റ്റ് ഒഴികെ ഉള്ളവ ഉണ്ടായിരുന്നു. എ എം സി പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു എന്നാൽ അപൂർണ്ണം ആയിരുന്നു.•

• 20  പേരാണ് ഡിമാൻഡ് ചെയ്തിരിക്കുന്നത്, തൊഴിൽ ഉപകരണങ്ങളുടെ വാടക രേഖപ്പെടുത്തിയിട്ടുണ്ട്,  ചെക്ക് ലിസ്റ്റ്  ഉണ്ടായിരുന്നെങ്കിലും പേജ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല

• എം ബുക്കിൽ  സാക്ഷ്യപ്പെടുത്തലുകൾ ഉണ്ട്,(2/10/2019)-(3/1/2019) തീയതിയിലെ മസ്റ്റർ റോൾ 7802 -7803 രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല.

•മാസ്ട്രോൾ no.6301-05 തൊഴിലാളികളുടെ ഒപ്പ് രേഖപ്പെടുത്തിയതിനു മുകളിലായി വെട്ടി ഇട്ടിരിക്കുന്നു.

• 4 പിരീഡ് ഓഫ് മസ്റ്ററോളുകൾ  ഉണ്ട്.

**ഫീൽഡ്**

• എം ബുക്ക് പ്രകാരം 750 മീറ്റർ ആണ്  ചെയ്തിരിക്കുന്നത്  ഫീൽഡ് തല പരിശോധനയിൽ പറഞ്ഞിരിക്കുന്ന അളവിൽ തന്നെയാണ് പ്രവർത്തി നടപ്പിലാക്കിയിട്ടുള്ളത് എന്ന് മനസ്സിലാക്കാൻ സാധിച്ചു.

• സി ഐ ബി ഉണ്ടായിരുന്നു

**മുറിയ തോട്ടം നീർച്ചാൽ പുനരുദ്ധാരണം  WC- 312041**



**ഫയൽ**

* എ എം സി പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു എന്നാൽ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല ആയിരുന്നു

* ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ നമ്പർ രേഖപ്പെടുത്തിയിരുന്നില്ല

* 13 പേർ അപേക്ഷിച്ച് ഡിമാൻഡ് ഫോം  ഉണ്ടായിരുന്നു

* പ്രഥമ ശുശ്രൂഷ കിറ്റുമായി ബന്ധപ്പെട്ട ബില്ല് ഉൾപ്പെടുത്തിയിരുന്നു

* പ്രവർത്തിയുടെ വിവിധഘട്ടങ്ങളിൽ ഉള്ള ഫോട്ടോ ഉൾപ്പെടുത്തിയിരുന്നു

* സൈറ്റ് ഡയറിയിൽ ചെക്‌ലിസ്റ്റ് മീറ്റിംഗ് തൊഴിലാളികളുടെ സാക്ഷ്യപത്രം തൊഴിൽ ഉപകരണങ്ങളുടെ വാടക സന്ദർശക കുറുപ്പ് എന്നിവ ഉണ്ടായിരുന്നു

**ഫീൽഡ്**

• എം ബുക്ക് പ്രകാരം 770 മീറ്റർ ആണ്  , ഫീൽഡ് തല പരിശോധനയിൽ  360 മീറ്റർ അളക്കുകയും റോഡ് നവീകരണത്തിന് ഭാഗമായി  ബാക്കി അളക്കുവാൻ സാധിച്ചില്ല

• സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ സാധിച്ചുവെകിലും വീണു  കിടക്കുന്ന നിലയിലാണ് കണ്ടത്

## ചെങ്കവിള വലിയ ചാനൽ പുനരുദ്ധാരണം WC-218045





### ഫയൽ

* എ എം സി പ്രകാരം ഉള്ള കവർ പേജ് ഉണ്ടായിരുന്നു എന്നാൽ പൂർണമായ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല

* ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ പേജ്  നമ്പർ രേഖപ്പെടുത്തിയിരുന്നില്ല

* ആക്ഷൻ പ്ലാനും ഡിമാൻഡ് ഫോം ഉണ്ടായിരുന്നു

*   എസ്റ്റിമേറ്റ് ഉണ്ടായിരുന്നു എന്നാൽ ജനകീയ ഭാഷയിൽ ആയിരുന്നില്ല

* വേജ് ലിസ്റ്റ് ഇല്ലായിരുന്നു വേജ് ലിസ്റ്റ് പ്രകാരമുള്ള എഫ് ടി ഒ ഉണ്ടായിരുന്നു

* പ്രവർത്തിയുടെ വിവിധഘട്ടങ്ങളിൽ ഉള്ള ഫോട്ടോ ഉൾപ്പെടുത്തിയിരുന്നു

* സൈറ്റ് ഡയറിയിൽ ചെക്ക്‌ലിസ്റ്റ്, പ്രോജക്ട് മീറ്റിംഗ്, തൊഴിൽ ഉപകരണങ്ങളുടെ വാടക, തൊഴിലാളികളുടെ സാക്ഷ്യപത്രം, സന്ദർശക കുറിപ്പ് എന്നിവ ഉണ്ടായിരുന്നു

### ഫീൽഡ്

* എംബുക്കിൽ 830 മീറ്റർ അളവിൽ  പ്രവർത്തി തൊഴിലാളികൾ ചെയ്തിട്ടുണ്ട്   എന്നാൽ പ്രവർത്തി ചെയ്ത സ്ഥലം കാണാൻ പറ്റാത്ത രീതിയിൽ കാടുപിടിച്ച് നിലയിലായിരുന്നു. ചാനലിലേക്ക് വീട്ടിൽ നിന്നുള്ള മാലിന്യം കൊണ്ട് നിഷേധിക്കുന്നതായി തൊഴിലാളികൾ നിന്ന് പരാതി ഉണ്ടായി

* സി ഐ ബി  ഉണ്ടായിരുന്നു.

## പറമ്പുവിള നീർച്ചാൽ പുനരുദ്ധാരണംWC-  312052



**ഫയൽ**

* എ എം സി പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു എന്നാൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല

* ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ  പേജ് നമ്പർ രേഖപ്പെടുത്തിയിരുന്നില്ല

* പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിരുന്നു

* ഭരണാനുമതി സാങ്കേതികാനുമതി  എന്നിവ സാക്ഷ്യപ്പെടുത്തലോടുകൂടി ഉണ്ടായിരുന്നു

* പ്രവർത്തിയുടെ വിവിധഘട്ടങ്ങളിൽ ഉള്ള ഫോട്ടോ ഉൾപ്പെടുത്തിയിരുന്നു

* വേജ് ലിസ്റ്റ് ഉണ്ടായിരുന്നു

* സൈറ്റ്ഡയറിയിൽ ചെക്ക് ലിസ്റ്റ് പ്രൊജക്റ്റ് മീറ്റിംഗ് തൊഴിൽ ഉപകരണങ്ങൾ വാടക തൊഴിലാളികളുടെ സാക്ഷ്യപത്രം സന്ദർശക കുറുപ്പ് എന്നിവ ഉണ്ടായിരുന്നു

**ഫീൽഡ്**

* എം ബുക്ക് പ്രകാരം 960 മീറ്റർ പ്രവർത്തിയാണ് രേഖപ്പെടുത്തിയിരുന്നത്  ഫീൽഡ്  തല പരിശോധനയിൽ പ്രസ്തുത അളവിൽ തന്നെയാണ് പ്രവർത്തി നടപ്പിലാക്കിയിരിക്കുന്നത്

* സി ഐ ബി നിലത്ത്  വീണുകിടക്കുന്ന നിലയിലാണ്  ഇതിൽ പ്രവർത്തിയുടെ പേര് തെറ്റായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്

* പ്രവർത്തി ചെയ്ത സ്ഥലം കാടുപിടിച്ച നിലയിലായിരുന്നു.

## മണ്ണ് ജലസംരക്ഷണം Wc-341806



**ഫയൽ**

* കവർ പേജ് ഉണ്ടായിരുന്നു എന്നാൽ പൂർണമായ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല

*  എസ്റ്റിമേറ്റ് ഉണ്ടായിരുന്നു എന്നാൽ ജനകീയ ഭാഷയിൽ ആയിരുന്നില്ല

* ഭരണാനുമതി സാങ്കേതിക അനുമതി എന്നിവ ഉണ്ടായിരുന്നു

* ആക്ഷൻ പ്ലാൻ  ഉണ്ടായിരുന്നു

**ഫീൽഡ്**

* പ്രവർത്തി ചെയ്ത ചില സ്ഥലങ്ങൾ നല്ല രീതിയിൽ തന്നെ ഭൂവുടമകൾ പരിപാലിക്കുന്നുണ്ടായിരുന്നു

* എം ബുക്ക് പ്രകാരം 110തെങ്ങ് കുഴി , 430 വാഴകുഴി , 2 കമ്പോസ്റ്റ് കുഴി എന്നിവയാണ് ഉണ്ടായിരുന്നത്. ഫീൽഡ് തല പരിശോധനയിൽ75 തെങ്ങ്കുഴി , 300 വാഴകുഴി , 1 കമ്പോസ്റ്റ് കുഴി എന്നിവയാണ് കാണാൻ സാധിച്ചത്

* സിറ്റിസൺ ഇൻഫർമേഷൻ ബോർട് ഉണ്ടായിരുന്നു

## മണ്ണ് ജലസംരക്ഷണം Wc-321648



**ഫയൽ**

* കവർപേജ് ഉണ്ടായിരുന്നില്ല.

* ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ പേജ് നമ്പർ രേഖപ്പെടുത്തിയിരുന്നില്ല

* ഭരണാനുമതി സാങ്കേതികാനുമതി രേഖ എന്നിവ സാക്ഷ്യപ്പെടുത്തലോടുകൂടി ഉണ്ടായിരുന്നു

* പ്രവർത്തിയുടെ വിവിധ ഘട്ടങ്ങളിൽ ഉള്ള ഫോട്ടോ ഉണ്ടായിരുന്നു

* സൈഡ് ഡയറിയിൽ ചെക്ക് ലിസ്റ്റ്, പ്രോജക്ട് മീറ്റിംഗ്, തൊഴിലാളികളുടെ സാക്ഷ്യപത്രം, വിജിലൻസ് റിപ്പോർട്ട്, തൊഴിൽ ഉപകരണങ്ങളുടെ വാടക എന്നിവ ഉണ്ടായിരുന്നു.

**ഫീൽഡ്**

* എം ബുക്ക് പ്രകാരം400 തെങ്ങ്കുഴി , 699 വാഴ കുഴി എന്നിവയാണ് ഉണ്ടായിരുന്നത്

ഫീൽഡ് പരിശോധനയിൽ245 തെങ്ങ് , 456 വാഴ എന്നിവയാണ് കാണാൻ സാധിച്ചത്.

* ഭാഗികമായി കാടുകയറി നിലയിലാണ് കാണാൻ സാധിച്ചത്.

* സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രസ്തുത പ്രവർത്തിയിൽ കാണുവാൻ സാധിച്ചു

**മണ്ണ് ജലസംരക്ഷണം Wc-341804.**



**ഫയൽ**

* കവർ പേജ് ഉണ്ടായിരുന്നു എന്നാൽ പൂർണമായ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല.

* ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽപേജ്  നമ്പർ രേഖപ്പെടുത്തിയിട്ടില്ല

* സാങ്കേതികാനുമതി രേഖ ഭരണാനുമതി എന്നിവ സാക്ഷ്യപ്പെടുത്തലോടുകൂടി ഉണ്ടായിരുന്നു

* വേജ് ലിസ്റ്റ്ഉണ്ടായിരുന്നു

**ഫീൽഡ്**

* ഫയൽ പരിശോധനയിൽ470 തെങ്ങ്, 1135 വാഴ, 1 കമ്പോസ്റ്റ് കുഴി, 5 മഴക്കുഴി എന്നിവയാണ് ഉണ്ടായിരുന്നത്.

* ഫീൽഡ് തല പരിശോധനയിൽ206 തെങ്ങ്, 733 വാഴ, 1 കമ്പോസ്റ്റ് കുഴി, 4 മഴക്കുഴി എന്നിവയാണു കാണാൻ സാധിച്ചത് .

* വിലയിരുത്താൻ സാധിച്ച പ്രവർത്തി സ്ഥലങ്ങൾ ഭൂഉടമകൾ നല്ല രീതിയിൽ  പരിപാലിക്കുന്നത് ആയി മനസ്സിലാക്കാൻ സാധിച്ചു.

* പ്രസ്തുത പ്രവർത്തിയുടെ സിറ്റിസൺ ഇൻഫോർമേഷൻ ബോർഡ് ഉണ്ടായിരുന്നു.

*onging  വർക്ക് ആയതുകൊണ്ട് തന്നെ സൈറ്റിൽ ഡയറിയും, വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് പൂർണ്ണമല്ല ആയിരുന്നു

## മണ്ണ് ജലസംരക്ഷണം Wc- 321645



## ഫയൽ

* എ എം സി പ്രകാരമുള്ള കവർ പേജ് ഉണ്ടായിരുന്നു എന്നാൽ പൂർണമായ രേഖപ്പെടുത്തലുകൾ ഉണ്ടായിരുന്നില്ല

* ചെക്ക് ലിസ്റ്റ് ഉണ്ടായിരുന്നു എന്നാൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല

* പ്രവർത്തി പൂർത്തീകരണം സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നു

* സാങ്കേതിക അനുമതി ഭരണാനുമതി എന്നിവ സാക്ഷ്യപ്പെടുത്തലോടുകൂടി ഉണ്ടായിരുന്നു

* 56 തൊഴിലാളികളുടെ ഡിമാൻഡ് ഫോം ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് ഉണ്ട്

* സൈറ്റ് ഡയറിയിൽ ചെക്ക്ലിസ്റ്റ്, പ്രോജക്ട് മീറ്റിംഗ്, തൊഴിൽ ഉപകരണങ്ങളുടെ വാടക, സാക്ഷ്യപത്രം എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു.

## ഫീൽഡ്

* ഫയൽ പരിശോധനയിൽ 400 തെങ്ങ് കുഴി , 750 വാഴകുഴി 5കമ്പോസ്റ്റ് കുഴി, 20 മഴക്കുഴി എന്നിവയാണ് ഉണ്ടായിരുന്നത്.

* ഫീൽഡ് തല പരിശോധനയിൽ 102 തെങ്ങ്, 315 വാഴ, 1 കമ്പോസ്റ്റ് കുഴി, 4 മഴക്കുഴി എന്നിവയാണു കാണാൻ സാധിച്ചത്.

* ഭാഗികമായും പൂർണമായും കാടുകയറിയ നിലയിലാണ് പല പ്രവർത്തി സ്ഥലങ്ങളും കാണാൻ കഴിഞ്ഞത് , പ്രവർത്തിയുടെ ധനവിനിയോഗം പ്രയോജനപ്പെടുത്താൻ സാധിച്ചില്ല എന്ന് ബോധ്യപ്പെട്ടു .

* പ്രസ്തുത പ്രവർത്തിയുടെ സിറ്റിസൺ ഇൻഫോർമേഷൻ ബോർഡ് ഉണ്ടായിരുന്നു.

# പൊതുവായ കണ്ടെത്തലുകൾ

* ഫയലിൽ ഉൾക്കൊള്ളേണ്ടതായ രേഖകൾ ആവശ്യമായ സാക്ഷ്യപ്പെടുത്തലോടുകൂടി സൂക്ഷിക്കേണ്ടതാണ്

• തോട്, നീർച്ചാൽ , ചാനൽ തുടങ്ങിയ പുനരുദ്ധാരണ പ്രവർത്തികളിൽ തൊഴിലാളികൾക്ക് യാതൊരുവിധ സുരക്ഷാസംവിധാനങ്ങളും (കയ്യുറകൾ, കാലുറകൾ ) ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് മനസ്സിലായി.

* ഫോട്ടോ ഫസ്റ്റ് എയ്ഡ് കിറ്റ് തുടങ്ങിയവയ്ക്കുള്ള പണം തൊഴിലാളികളിൽ നിന്നുമാണ് ഈടാക്കിയിരുന്നത് എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു

* ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ് ഉണ്ടായിരുന്നില്ല

* ഭൂവികസന പ്രവർത്തികൾ നടന്ന സ്ഥലങ്ങളുടെ സംരക്ഷണം ഭൂവുടമകൾ വഹിക്കുന്നില്ലെന്ന് ബോധ്യപ്പെട്ടു.

* പല ഫയലുകളും മസ്റ്റ് റോളുകൾ എം ഐ എസിൽ രേഖപ്പെടുത്തിയിട്ടില്ല, അതുകൊണ്ട് തന്നെ പ്രവർത്തിയിൽ ചെലവായ തുകയും തൊഴിൽ ദിനങ്ങൾ വ്യത്യാസപ്പെടുത്തിആണ് രേഖപ്പെടുത്തിയിരിക്കുന്നത്.(6/9/2018) തീയതിയിലെ മസ്റ്ററോൾ പറ്റിയുള്ള വിവരങ്ങൾ എം ഐ എസിൽ ഇല്ല.

*വാർഡിൽ 169 സജീവ തൊഴിലാളികളാണുള്ളത്. ഇതിൽ 36 തൊഴിലാളികൾക്ക് 100 ദിവസം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്.

* 85 തൊഴിലാളികളുടെ തൊഴിൽ കാർഡ് പരിശോധിച്ചു .

* വാർഡിൽ ഒരു നഴ്സറികളും ,ഒരു veo ഓഫീസ് , ഒരു ജനസേവകേന്ദ്രം ( വാടകയ്ക് ) പ്രവർത്തിക്കുന്നു.

# നിർദ്ദേശങ്ങൾ

* ഫയലിലെ രേഖകൾ സാക്ഷ്യപ്പെടുത്തലുകളോടുകൂടിയും പൂർണ്ണ രേഖപ്പെടുത്തലുകളോടു കൂടിയും സൂക്ഷിക്കേണ്ടതാണ്.

* തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷാ സൗകര്യങ്ങൾ ആവശ്യാനുസരണം നൽകേണ്ടതാണ്.

* പ്രവർത്തികൾ മനസ്സിലാക്കി പ്രയോജനമാം വിധത്തിൽ ഏറ്റെടുക്കേണ്ടതാണ്

* ഭൂവികസനം പോലുള്ള പ്രവർത്തികൾ, ഭൂവുടമയ്ക്ക് പ്രവൃത്തിയെ സംബന്ധിക്കുന്ന വ്യക്തമായ ധാരണ നൽകിക്കൊണ്ട് നടപ്പിലാക്കേണ്ടതാണ്.

* നിലവിൽ മേറ്റ്മാർ എടുത്തു നൽകുന്ന ഫോട്ടോകൾ, തൊഴിൽ സ്ഥലത്ത് ഇവർ പണം മുടക്കി വാങ്ങുന്നതായ പ്രഥമ ശുശ്രൂഷ കിറ്റുകൾ എന്നിവയ്ക്ക് ചിലവാകുന്ന തുക അർഹരായവർക്ക് നൽകാൻ നിർവഹണ ഏജൻസി ശ്രദ്ധിക്കേണ്ടതാണ്.

* പദ്ധതിയിലൂടെ നടപ്പിലാക്കിയ പ്രവർത്തികൾ നിയമാനുസൃതമായിട്ടുള്ള കാലയളവിൽ സൂക്ഷിക്കേണ്ടതാണ്.

* ജനങ്ങളുടെ നന്മയ്ക്കായി ചാനലും തോടുകളും സംരക്ഷിക്കപ്പെടേണ്ടതാണ് അവിടെ മാലിന്യങ്ങൾ നിക്ഷേപിക്കപ്പെടുന്നത് അവസാനിപ്പിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്

* തൊഴിലാളികൾ ചെയ്ത എല്ലാ പ്രവൃത്തികളിലൂടെയും ഫയലുകൾ ലഭ്യമാക്കേണ്ടതാണ്





## ഗ്രാമസഭയിലെ പരാമർശങ്ങൾ

* പ്രവർത്തി നടന്ന ആറുമാസത്തിനകത്ത് ഓഡിറ്റും നടത്തണമെന്ന് തൊഴിലാളികൾ ആവശ്യപ്പെട്ടു

* ചാനൽ, തോട് തുടങ്ങിയ പ്രവർത്തിക്കാനായി കൈയുറ തുടങ്ങിയവ ലഭ്യമാകുന്നില്ല എന്ന ചോദ്യത്തിന് എ ഡി എസ് ഫണ്ട് ലേക്കായി ഫണ്ട് വരുന്നില്ല എന്ന് നിർവഹണ ഏജൻസി അറിയിച്ചു.

* ഫോം പോണ്ട് പോലുള്ള പ്രവർത്തികളിലൂടെ തൊഴിലാളികൾക്ക് നല്ലൊരു വരുമാനം മാർഗ്ഗം ലഭിക്കുമെന്ന് നിർവഹണ ഏജൻസി അറിയിച്ചു.

റിപ്പോർട്ട് തയ്യാറാക്കിയത്

BRP അനുശ്രീ

VRP സുബിത എസ്

VRP അഞ്ജലി ബി എസ്